# പതിമൂന്നാം കേരള നിയമസഭ

## (പതിനഞ്ചാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 198 30/11/2015-ൽ മറുപടിയ്ക്ക്**

**പൊതുജലാശയങ്ങൾ മത്സ്യകൃഷിക്കായി ഉപയോഗിക്കുന്നത് സംബന്ധിച്ച്.**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. സി. കൃഷ്ണൻ:** | | **ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):** |
| (എ) കേരളത്തിലെ പൊതുജലാശയങ്ങൾ മത്സ്യകൃഷിക്കായി പാട്ടത്തിന് നൽകുന്നതിനെതിരെ തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ സർക്കുലർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | നദികൾ, പുഴകൾ എന്നിവയുടെ ഭാഗങ്ങൾ പാട്ടത്തിന് നൽകുന്നതിൻമേൽ മാർഗ്ഗനിർദ്ദേശം നൽകികൊണ്ടുള്ള തദ്ദേശസ്വയംഭരണവകുപ്പിന്റെ സർക്കുലറിലെ നിർദ്ദേശം ഉൾനാടൻ മത്സ്യകൃഷി വികസനത്തെ ദോഷകരമായി ബാധിക്കാൻ സാധ്യതയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ സർക്കുലർ 2013-ലെ ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങൾക്ക് എതിരാണെന്ന കാര്യവും ഇത് ഉൾനാടൻ മത്സ്യകൃഷി വികസനത്തെ ദോഷകരമായി ബാധിക്കുമെന്ന കാര്യവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 218(1) ഉം (2) ഉം വകുപ്പുപ്രകാരവും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 208 എ(1) ഉം (2) ഉം വകുപ്പുപ്രകാരവും യഥാക്രമം ഒരു പഞ്ചായത്തുപ്രദേശത്തിനുള്ളിലുള്ളതോ ഒരു മുനിസിപ്പൽ പ്രദേശത്തിനുള്ളിലുള്ളതോ ആയ എല്ലാ പൊതുജല മാർഗങ്ങളും നദികളും പുഴകളും തോടുകളും പഞ്ചായത്തിൽ/ മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നതും. അവ പഞ്ചായത്തിന്റെ/ മുനിസിപ്പാലിറ്റിയുടെ അവകാശങ്ങളിലും ബാധ്യതകളിലും ഉൾപ്പെട്ടുവരുന്നതുമാണ്. പ്രസ്തുത സാഹചര്യങ്ങളിൽ അവയുടെ സംരക്ഷണത്തിനാവശ്യമായ നടപടികൾ പഞ്ചായത്തിന്/ മുനിസിപ്പാലിറ്റിക്ക് കൈക്കൊള്ളാവുന്നതാണ്. അതിൻപ്രകാരം പുറത്തിറക്കിയ സർക്കുലർ ഉൾനാടൻ മത്സ്യകൃഷി വികസനത്തെ ദോഷകരമായി ബാധിക്കുവാൻ സാധ്യതയുള്ളതിനാൽ മത്സ്യകൃഷി ആവശ്യങ്ങൾക്ക് പുഴ/നദി ഭാഗം പാട്ടത്തിന് ലഭിക്കാവുന്ന രീതിയിൽ സർക്കുലറിലെ നിർദ്ദേശം ഭേദഗതി ചെയ്യുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**